**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2312 — 18.12.2012 ൽ മറുപടിയ്ക്ക്

**വേമ്പനാട്ടുകായലിലെയും കുട്ടനാട്ടിലെ നദികളിലെയും മലിനീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |
| (എ) ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജ് മലിനീകരണം തടയാൻ ഒരു മലിനജല ശുദ്ധീകരണ സംവിധാനം ആലപ്പുഴയിൽ ഏർപ്പെടുത്താൻ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ; | (എ) മലിനീകരണ നിയന്ത്രണ ബോർഡ് നേരിട്ട് ഇത്തരം പദ്ധതികൾ നടപ്പാക്കുന്നില്ല.<br>കുട്ടനാട് താലൂക്കിലെ നീലംപേരൂരിൽ ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ ബോർഡ് സ്ഥാപനാനുമതി നല്കിയിട്ടുണ്ട്. |
| (ബി) വേമ്പനാട്ടു കായലിലെയും കുട്ടനാട്ടിലെ നദികളിലെയും മലിനീകരണം തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് മലിനീകരണ നിയന്ത്രണ ബോർഡ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;<br>(സി) പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ ? | (ബി) & (സി) വേമ്പനാട്ടു കായലിൽ പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം ഒഴിവാക്കുന്നതിന് ബോർഡ് വ്യവസ്ഥകൾ രൂപീകരിച്ചിട്ടുണ്ട്.<br>ഇപ്രകാരമുള്ള മലിനീകരണം വിലയിരുത്തുന്നതിനായി ഒരു സർവ്വേ നടപ്പിലാക്കി വരുന്നു. സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ മൂലം കായലും നദികളും മലിനപ്പെടാതിരിക്കാൻ നിയമാനുസൃത നടപടികൾ ബോർഡ് സ്വീകരിക്കുന്നുണ്ട്. മലിനീകരണത്തിനു കാരണക്കാരായ സ്ഥാപനങ്ങളിൽ മലിനീകരണ നിയന്ത്രണ ഉപാധികൾ ഏർപ്പെടുത്തുക, അവയുടെ ശരിയായ പ്രവർത്തനം ഉറപ്പാക്കുക, അനുമതി പത്രങ്ങൾ നല്കുക എന്നിവയാണ് ബോർഡിന്റെ ഉത്തരവാദിത്വങ്ങൾ. ബോർഡ് നേരിട്ട് പദ്ധതികൾ നടപ്പാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ